# കത്തുകളുടെ സാഹിത്യ മൂല്യം: അഷിതയുടെ കത്തുകളെ ആധാരമാക്കി ഒരു പഠനം

**ഡോ. എം. രാമചന്ദ്രൻപിള്ള**
അസി. പ്രൊഫസർ
ഗവ. സംസ്കൃത കോളേജ്
തിരുവനന്തപുരം
Email: ramakripa72@gmail.com

**സംഗ്രഹം**

വായനാവിഭവം എന്ന നിലയിൽ പ്രസിദ്ധീകരിക്കപ്പെടുന്നവയാണ് കത്തുകൾ. എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ള ബന്ധവും ഇരുവരുടെയും നിലവാരവും കത്തുകളുടെ ഉള്ളടക്കത്തെയും സ്വഭാവത്തെയും നിയന്ത്രിക്കും. രണ്ടു വ്യക്തികൾക്കിടയിലുള്ള സ്വകാര്യ വിനിമയമായിരിക്കെത്തന്നെ അവ ഒരു വലിയ സമൂഹത്തെ ആകർഷിക്കുന്ന രചനാരൂപവും ആയിത്തീരാറുണ്ട്. ആ നിലയ്ക്ക് സാധ്യതയുള്ള കത്തുകളാണ് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്നത്. മലയാളത്തിൽ സാഹിത്യമൂല്യമുള്ള കത്തുകൾ പുസ്തക രൂപത്തിൽ പുറത്തുവന്നിട്ടുണ്ട്. അഷിതയുടെ കത്തുകളെ ആധാരമാക്കി കത്തുകളുടെ സാഹിത്യ മൂല്യത്തെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ :** രൂപഘടന, ചരിത്രരേഖ, ആത്മഭാവം, സൗന്ദര്യദൃഷ്ടി, സംവിധാനഭംഗി.

സാഹിത്യത്തെക്കുറിച്ചുള്ള ചർച്ചകളിൽ നിരന്തരമായി ഇടവിട്ട് കടന്നുവന്നിട്ടുള്ള ഒന്നാണ് അതിന്റെ രൂപത്തെയോ ഘടനയെയോ കുറിച്ചുള്ള നിരീക്ഷണങ്ങൾ. സാഹിത്യത്തിന് നിർവ്വഹിക്കാനുള്ള ധർമ്മങ്ങൾ എന്ത് എന്ന അന്വേഷണങ്ങൾക്കും നിരന്തരപരിണാമങ്ങൾ സംഭവിച്ചിട്ടുണ്ട്. ഈ ധർമ്മങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനെക്കാളധികം കൃതികൾ ശ്രദ്ധവയ്ക്കേണ്ടത് അവയ്ക്ക് അനുവദനീയമായ രൂപഘടനയിൽ ഉള്ളടങ്ങാനായിരിക്കണം എന്ന വാദത്തിന് സാഹിത്യചരിത്രത്തിൽ ചിലപ്പോഴെങ്കിലും മേൽക്കൈ കിട്ടുന്നത് കാണാം. 'ലക്ഷണമൊപ്പിക്കാ'നുള്ള ഈ ശ്രമങ്ങൾക്കിടയിൽ കൃതി അതിന്റെ അടിസ്ഥാന ധർമ്മങ്ങൾക്ക് അടുത്തെങ്ങും എത്താതെ പോകുന്ന ദുരന്തത്തിന് മലയാളത്തിലും ഉദാഹരണങ്ങൾ സുലഭമാണ്.

നമ്മുടെ പ്രാചീന സാഹിത്യരൂപങ്ങൾക്ക് നിയതമായ ലക്ഷണങ്ങൾ കാവ്യശാസ്ത്രകാരന്മാർ നല്കിയിട്ടുണ്ട്. നാടകം, ആട്ടക്കഥ, ചമ്പു, സന്ദേശകാവ്യം മുതലായ പ്രധാന സാഹിത്യരൂപങ്ങൾ ഈ ലക്ഷണ നിർവ്വചനങ്ങളെ കർശനമായി പിൻതുടർന്നവയാണ്. ലക്ഷണ ശാസ്ത്രഗ്രന്ഥങ്ങളെ അനുസരിക്കുന്നതോടൊപ്പം മുൻ കാല കൃതികളെ - അവയിലെ ഭാഷ, വർണ്ണ്യവസ്തുക്കൾ, അലങ്കാരപ്രയോഗങ്ങൾ മുതലായവ സഹിതം - അപ്പടി അനുകരിക്കാനും പിൻഗാമികൾ തയ്യാറായി. ഈ അനുകരണങ്ങൾ ഭൂരിപക്ഷവും ഔചിത്യദീക്ഷയില്ലാത്തവ ആയിരുന്നു.

കാവ്യകലാ നിയമാവലികളൊന്നും ഉരുത്തിരിഞ്ഞിട്ടില്ലാത്ത പ്രാരംഭഘട്ടത്തിൽ നിയതമായ ലക്ഷണങ്ങളൊന്നും സാഹിത്യം ഉൾപ്പെടെയുള്ള കലകളെ നിയന്ത്രിക്കാനില്ലായിരുന്നു. മനുഷ്യമനസ്സിനെ ആനന്ദിപ്പിക്കുകയോ ആശ്വസിപ്പിക്കുകയോ വികാരം കൊള്ളിക്കുകയോ ചെയ്യുന്ന എന്തിനും അതിന്റെ രൂപപരമായ പരാധീനതകളില്ലാതെ കലാധർമ്മം നിറവേറ്റാനായിരുന്നു. പിന്നീട് കാവ്യശാസ്ത്രഗ്രന്ഥങ്ങൾ നിർദ്ദേശിച്ച ലക്ഷണങ്ങൾ പാലിച്ചുണ്ടായ പല രൂപങ്ങൾക്കും പില്ക്കാലത്ത് വംശനാശം സംഭവിക്കുകയോ പുതിയ രൂപങ്ങളിലേക്ക് പരകായ പ്രവേശം സാധിക്കുകയോ ചെയ്തു. പല കാലങ്ങളിലും സഹൃദയസമൂഹം സ്വീകരിച്ച കൃതികൾ അവയുടെ രൂപപരമായ നിശിതനിയമങ്ങളെ തിരസ്കരിച്ചവയായിരുന്നു. ചിന്തയെയോ വികാരത്തെയോ സൗന്ദര്യാനുഭൂതിയെയോ ഉണർത്തുന്നവ എന്ന നിലയിൽ കത്ത് എന്ന രചനാരൂപത്തിന്റെ സാഹിത്യമൂല്യം ചർച്ചചെയ്യപ്പെടുന്നത് ഈ പശ്ചാത്തലത്തിലാണ്.

**ചരിത്രമൂല്യം**

രാജഭരണകാലത്തെ സന്ദേശങ്ങളിലും വിളംബരങ്ങളിലും കത്തുകളുടെ പ്രാഗ്‌രൂപങ്ങൾ കാണാൻ കഴിയും. ചരിത്രത്തിൽ പ്രസിദ്ധമായ പ്രസംഗങ്ങളും അഭിമുഖങ്ങളും ഡയറിക്കുറിപ്പുകളും പോലെ പ്രസിദ്ധമായ കത്തുകളും ഉണ്ടായിട്ടുണ്ട്. ഒരച്ഛൻ മകൾക്കയച്ച കത്തുകളും (ജവഹർലാൽ നെഹ്റു) ഒരച്ഛൻ അധ്യാപകനയച്ച കത്തുകളും (എബ്രഹാം ലിങ്കൺ) ലോകത്തിൽ ഏറ്റവും വില്ക്കപ്പെടുന്ന പുസ്തകങ്ങളുടെ രൂപത്തിൽ പുറത്തു വന്നു. സമയത്തിന് അതീവ മൂല്യം നല്കിയിരുന്ന ഗാന്ധിജി കത്തുകൾ എഴുതാനും കൃത്യമായി മറുപടികൾ അയയ്ക്കാനും സമയം കണ്ടെത്തിയിരുന്നു. ജയിലുകളിൽ കഴിയുമ്പോഴും അല്ലാത്തപ്പോഴും അദ്ദേഹം ഇത് മുടക്കാറില്ലായിരുന്നു. ഹിറ്റ്ലർ, മുസ്സോളിനി, ബ്രിട്ടീഷ് ഭരണാധികാരികൾ, ടോൾസ്റ്റോയ്, ഐൻസ്റ്റൈൻ, ടാഗോർ തുടങ്ങി അതിപ്രശസ്തർക്കു മുതൽ ഏതെങ്കിലും ഇന്ത്യൻ ഗ്രാമത്തിലെ കുട്ടികൾക്കു വരെ അദ്ദേഹം കത്തുകളെഴുതിയിരുന്നു. ഗാന്ധിജിയുടെ വ്യക്തിസത്തയെയും വീക്ഷണങ്ങളെയും കുറിച്ച് അറിവ് നല്കുന്നവ എന്ന നിലയിൽ അവ ഇന്ന് ചരിത്രരേഖകളാണ്.

ഗാന്ധിജി ഒരു ഉദാഹരണം മാത്രമാണ്. ഏതൊരു വ്യക്തിയുടെയും ജീവിത - ലോക വീക്ഷണങ്ങളെയും വ്യക്തിത്വത്തെയും കുറിച്ചറിയാൻ അയാളുടെ കത്തുകൾ പോലെ വിശ്വസനീയമായി ആശ്രയിക്കാവുന്ന മറ്റൊരു രേഖയില്ല. പ്രസിദ്ധീകരിക്കൽ എന്ന ഉദ്ദേശ്യമില്ലാതെ തികച്ചും സ്വകാര്യമായി എഴുതപ്പെടുന്നവയാണ് കത്തുകൾ. സ്വാഭാവികതയും ആത്മഭാവവും അവയിൽ മറ്റേതൊരു രചനയെക്കാളും ഏറിയിരിക്കും. അതിനാൽ ജീവചരിത്ര രചനക്ക് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാവുന്ന - ഉപയോഗിക്കപ്പെടുന്ന ഒരു ഉപാദാന സാമഗ്രിയാണ് കത്തുകൾ. സാഹിത്യകാരന് സാഹിത്യരചന 'കടലാസിന്റെ മുന്നിലിരുന്ന് ചോര വാർക്കലാ


ISSN: 2582 - 2594

ണ്'' (ഹെമിങ്‌വേ )എന്നും 'അവനവനെ ഇറക്കി വയ്ക്കലാണ്'' (ബഷീർ)എന്നും പല തരത്തിൽ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. സ്വന്തം വ്യക്തിസത്തയെ വാക്കുകളിൽ നിരത്തിവയ്ക്കുന്ന ഈ വിദ്യ തന്നെയാണ് കത്തുകളും നിർവ്വഹിക്കുന്നത്. ആ നിലക്ക് അവയുടെ സാഹിത്യ മൂല്യം അവയുടെ രചയിതാവിന്റെ മറ്റു കൃതികൾക്കൊപ്പം പ്രാധാന്യത്തോടെ പഠന വിധേയമാക്കേണ്ടതാണ്. പ്രശസ്ത കഥാകാരി അഷിതയുടെ തെരഞ്ഞെടുത്ത കത്തുകളെ ഈ വീക്ഷണകോണിലൂടെ വിശകലനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ.

**പ്രസിദ്ധീകരിച്ച കത്തുകൾ – ഒരു സാഹിത്യരൂപം :**

ലോകത്തിലെ മികച്ച എഴുത്തുകാരുടെ കത്തുകൾ അവരുടെ കൃതികൾക്കൊപ്പം പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെടുകയും വായിക്കപ്പെടുകയും പഠിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ദസ്തയേവ്സ്കി, ടോൾസ്റ്റോയ്, കാഫ്ക, മോപ്പസാങ്ങ് തുടങ്ങി ലോക പ്രശസ്തരായ പല എഴുത്തുകാരുടെയും പുസ്തക രൂപത്തിൽ വന്ന കത്തുകൾ അവരുടെ സാഹിത്യകൃതികൾ പോലെ ബസ്റ്റ്സെല്ലറുകളാണ്. അവ പല ലോക ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെടുകയും വായിക്കപ്പെടുകയും ചെയ്യുന്നു. മലയാളത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പദ്യത്തിലെഴുതിയ കത്തുകൾ മാത്രം പതിനായിരത്തോളം വരും. അന്തർജ്ജനം ബഷീറിനയച്ച കത്തുകൾ, ജി. വക്കം അബ്ദുൾ ഖാദറിനയച്ച കത്തുകൾ, എസ്. ഗുപ്തൻ നായർക്കുള്ള കത്തുകൾ തുടങ്ങി പ്രസിദ്ധീകൃതമായ കത്തുകൾ വായിക്കപ്പെടുന്ന ഒരു ഗ്രന്ഥരൂപമാണ്.

1956-ൽ ജനിച്ച് 2019-ൽ മരണമടഞ്ഞ അഷിതയുടെ സാഹിത്യ സംഭാവനകൾ ചെറുകഥ, കവിത, വിവർത്തനം എന്നീ മേഖലകളിലാണ്. ഈ വിഭാഗങ്ങളിലെ രചനകളിലൊന്നും പൂർണമായി അനാവൃതമാകാത്ത ബാല്യ കൗമാരങ്ങളിലെ അവിശ്വസനീയവും വേദനാജനകവുമായ ജീവിതാനുഭവങ്ങൾ ജീവിതാവസാന കാലത്ത് ശിഹാബുദീൻ പൊയ്ത്തുംകടവുമായി നടത്തിയ സാമാന്യം ദീർഘമായ അഭിമുഖ സംഭാഷണത്തിലൂടെയാണ് പുറത്തുവന്നത്. 'അത് ഞാനായിരുന്നു' എന്ന പേരിൽ ആ അഭിമുഖം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. എഴുത്തുകാരി പിന്നിട്ട ജീവിതാനുഭവങ്ങളുടെ തീഷ്ണതകൾ അവരുടെ മരണത്തോടടുത്ത കാലത്താണ് വായനാ സമൂഹം അറിഞ്ഞത്. അതിനു മുമ്പ് പലർക്കായി അഷിത അയച്ച കത്തുകൾ 2015-ൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടപ്പോഴാണ് അവരുടെ വ്യക്തി ജീവിതം വായനക്കാരുടെ മുന്നിലെത്തുന്നത്. തന്റെ വീക്ഷണങ്ങളുടെയും അഭിരുചികളുടെയും പ്രതീക്ഷകളുടെയും പ്രത്യാശകളുടെയും സ്വകാര്യ കൗതുകങ്ങളുടെയും തുറന്നെഴുത്തായി ഈ കത്തുകൾ മാറുന്നുണ്ട്. ഒപ്പം മനോഹരങ്ങളായ സൗന്ദര്യ സൃഷ്ടികളായും.

**ആത്മകഥയുടെ അടരുകൾ :**

വൈവിധ്യങ്ങളുള്ള അനുഭവങ്ങളിലൂടെ കടന്നുപോയ ഒരു ജീവിതമായിരുന്നു അഷിതയുടേത്. ബാല്യത്തിൽ അനുഭവിച്ച ഏകാന്തതയും അവഗണനയും. എഴുതിത്തുടങ്ങിയ കാലത്ത് അതിന്റെ പേരിൽ സ്വന്തം വീട്ടിൽ നിന്നു തന്നെ നേരിട്ട പരിഹാസങ്ങൾ. അതിൽ നിന്ന് പിൻതിരിപ്പിക്കാനുള്ള ശ്രമങ്ങളും പീഡനങ്ങളും. കുട്ടിക്കാലത്ത് പിതാവിന്റെ ജോലിയുടെ ഭാഗമായി ഡൽഹി, ബോംബെ മുതലായ ഉത്തരേന്ത്യൻ നഗരങ്ങളിൽ അനുഭവിക്കേണ്ടി വന്ന വിരസമായ ഏകാന്തവാസങ്ങൾ. വളരെക്കുറച്ച് സൗഹൃദങ്ങളോ മാനസികൈക്യങ്ങ

ളോ ഉണ്ടായിരുന്നിട്ടും ഗുരു നിത്യ ചൈതന്യയതി, മാധവിക്കുട്ടി മുതലായവരോടുണ്ടായിരുന്ന സമാനതകളില്ലാത്ത ഐക്യപ്പെടൽ. അതിനുള്ളിലും നിലനിർത്തിയിരുന്ന വിയോജിപ്പിനുള്ള സർവ്വസ്വാതന്ത്ര്യങ്ങൾ. ഭർത്താവിനോടും മകളോടും ഉണ്ടായിരുന്ന വൈകാരികമായ അടുപ്പങ്ങൾ. കാൻസർ രോഗബാധയുടെയും ചികിത്സയുടെയും നീണ്ട വർഷങ്ങൾ. സാധാരണ മനുഷ്യന്റെ എല്ലാ വിധ പ്രകടനപരതകൾക്കും നേരേ ജീവിതത്തിലുടനീളം പുലർത്തിയിരുന്ന അസാമാന്യമായ നിസ്സംഗത. എല്ലാം മികച്ച ഒരു ആത്മകഥാ രചനയ്ക്ക് ആവശ്യത്തിലധികമാണ്. ഈ ജീവിതവഴികളെ വലിയ അളവിൽ അനാവൃതമാക്കുകയാണ് അഷിതയുടെ കത്തുകൾ. ആ നിലക്ക് അവ ആത്മകഥയുടെ ധർമ്മം കൂടി അനുഷ്ഠിക്കുന്നു. കത്തെഴുത്ത് ഒരു ആശ്വാസമോ അഭയമോ ആയിരുന്നു അഷിതക്ക്.

കഥകളിലല്ല കത്തുകളിലാണ് തന്റെ ആത്മാംശം തെളിമയോടെ ഉള്ളതെന്ന് എഴുത്തുകാരി തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബാംഗ്ലൂരിൽ ഐ. ടി. കമ്പനിയിൽ ജോലി ചെയ്യുന്ന പ്രജിത നമ്പ്യാർക്ക് അഷിത എഴുതി: "കഥകൾ എഴുതാതിരുന്ന കാലത്ത് ഞാൻ കത്തുകളെഴുതി. കഥകളിൽ എന്നെ കണ്ടുപിടിക്കുക വിഷമമാണ്. പക്ഷേ കത്തുകളിൽ ഞാൻ പരിപൂർണമായും നിറയുന്നുണ്ട്. നിറഞ്ഞ് തുളുമ്പാറുമുണ്ട്. ചിലപ്പോൾ". തനിക്ക് പരിധികളും പരിമിതികളും ഇല്ലാതെ അനാവൃതമാകാനുള്ള ഇടങ്ങളാണ് കത്തുകൾ എന്ന് എഴുത്തുകാരി പലപ്പോഴും ആവർത്തിക്കുന്നുണ്ട്. കുട്ടികളുടെ ചിത്രകാരനായ വെങ്കിക്ക് എഴുതിയ കത്തുകളിലൊന്നിൽ എഴുതുന്നു: "ഞാനെന്ന എഴുത്തുകാരിയിൽ നിന്ന് കൊഴിയുന്നതാണ് എന്റെയീ കത്തുകൾ. Part of me. ഇവ മാറ്റിയാൽ കാണുന്ന അഷിത അപൂർണയായിരിക്കും".

കത്തുകൾ പുസ്തകരൂപത്തിലാക്കിയപ്പോൾ അതിനെഴുതിയ മുഖവുരയിൽ തന്റെ കത്തുകളിലെ നിറഞ്ഞ ആത്മാംശത്തെ എഴുത്തുകാരി തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. "കത്തുകൾ വെറും അക്ഷരങ്ങളെ മാത്രമല്ലല്ലോ വഹിക്കുന്നത്. അതെഴുതിയ ആളുടെ ഹൃദയം കൂടിയാണല്ലോ". മറ്റൊരിടത്ത് അവർ തുടരുന്നു: "ഇപ്പോൾ ഈ കത്തുകളാവട്ടെ, ഞാൻ എന്റെ നേർക്കു തന്നെ പിടിക്കുന്ന കണ്ണാടിയാണ്. കൗമാരം തൊട്ട് എഴുതിയ ഈ കത്തുകളിൽ എന്റെ പരിഭ്രമങ്ങളും ഒറ്റപ്പെടലും, ഭൂമി കാണാതെ വറ്റിയ കണ്ണീരും നോവുകളും സൂര്യനറിയാതെ വിടർന്ന ചിരിയും എല്ലാമുണ്ട്. ഒരാൾ നിങ്ങൾക്കിടയിൽ ഇങ്ങനെ ജീവിച്ചിരുന്നു". 'ഇതെന്റെ രക്തമാണിതെന്റെ മാംസമാണെടുത്തു കൊള്ളുക' എന്ന കവി വാക്യത്തെ പുസ്തകത്തിന്റെ മുഖക്കുറിയായി ചേർത്തതിന്റെയും സൂചന മറ്റൊന്നല്ല.

ഈ സൂചനകളെ അന്വർത്ഥമാക്കും വിധം പല കത്തുകളും ഉടനീളം എഴുത്തുകാരിയുടെ ആത്മാഖ്യാനമോ ആത്മഭാഷണമോ ആയി മാറുന്നുണ്ട്. അഭിനേത്രിയും സൈക്കോളജിസ്റ്റുമായിരുന്ന ടി. പാർവ്വതിയ്ക്കയച്ച ഒരു കത്ത് അവസാനിപ്പിച്ചു കൊണ്ട് അവർ എഴുതി: "ഒറ്റയ്ക്കിരുന്ന് മുഷിഞ്ഞ് ഞാൻ എന്നോടു തന്നെ പറഞ്ഞ വർത്തമാനമാണ് നിനക്കു കത്തായത്."

അച്ഛന്റെ ഔദ്യോഗികജീവിതത്തിന്റെ ഭാഗമായി കേരളം വിട്ട് ജീവിക്കേണ്ടി വന്ന കാലങ്ങളിലൂടെയാണ് അഷിതയുടെ കുട്ടിക്കാലം കടന്നുപോയത്. അക്കാലത്തെ ഒറ്റപ്പെടലും സങ്കടങ്ങളും അതിന്റെ തീവ്രതയും വൈകാരികതയും ചോർന്നുപോകാതെ കത്തുകളിൽ ചിലയിടത്ത് വിവരിക്കപ്പെടുന്നുണ്ട്. ഡൽഹിയിലെ തണുത്ത വെളുപ്പാൻകാലത്ത് കാറ്റിൽ പല്ലുകൾ കൂട്ടിയിടിച്ച് രണ്ടു കുപ്പികൾ ഇരുമ്പിന്റെ കൂട്ടിലിട്ട് പാലു വാങ്ങാൻ നടന്നു പോയിരു

ന്ന 'ഞാനെന്ന കുട്ടി'യെ എഴുത്തുകാരിയും സംവിധായികയുമായ ശ്രീബാല കെ. മേനോന് എഴുതുന്ന കത്തിൽ അഷിത ഓർമ്മിക്കുന്നുണ്ട്. തിരികെ മുറിയിലെത്തി തണുപ്പ് സഹിയാതെ ഒച്ചയില്ലാതെ കരയുമ്പോൾ ചേട്ടനും അനിയത്തിയും മൂടിപ്പുതച്ച് ഉറങ്ങുകയാവും. സഹോദരങ്ങളിൽ നിന്നും അച്ഛനമ്മമാരിൽ നിന്നു പോലും ഒറ്റപ്പെട്ട് കഴിഞ്ഞിരുന്ന ആ കാലത്തെക്കുറിച്ച് എഴുത്തുകാരി ജീവിതത്തിന്റെ അവസാന കാലത്ത് നല്കിയ ചില അഭിമുഖങ്ങളിൽ ഓർക്കുന്നുണ്ട്. ആ കാലത്തെ നീറുന്ന വേദനകളെ ഒതുക്കിവച്ച കത്ത് അവസാനിപ്പിച്ചു കൊണ്ട് അവർ എഴുതി: "ഞാൻ ഒറ്റയ്ക്ക് ഓർമകളുടെ കനലാട്ടം കണ്ടിരിക്കുന്നു. നിനക്കിത് ഊഹിക്കാൻ പോലും സാധിക്കില്ല. എന്താണെന്ന്. അതുകൊണ്ട് എന്റെ കുട്ടിത്തത്തെക്കുറിച്ച് പറയാതിരിക്കു. എനിക്കൊരു കുട്ടിക്കാലം ഇല്ലായിരുന്നു എന്നാണ് തോന്നുന്നത്".

മഹാരാജാസ് കോളേജിൽ പഠിച്ചിരുന്ന കാലം പല കത്തുകളിലും കടന്നുവരുന്നുണ്ട്. പ്രജിത നമ്പ്യാർക്കയച്ച കത്തിൽ എഴുതുന്നു: "മഹാരാജാസിൽ നിറയെ പ്രാവുകൾ ഉണ്ടായിരുന്നു. ക്ലാസ് നടക്കുമ്പോൾ അവയും വന്നിരിക്കും കേൾക്കാൻ. അതായിരുന്നു ചില ക്ലാസ്സുകളിൽ കയറാനുള്ള പ്രചോദനം. ലിറ്ററി ക്രിട്ടിസിസമാണ് എനിക്ക് ഏറ്റവും ഇഷ്ടമില്ലാതിരുന്ന പേപ്പർ. ദൈവം എന്തൊക്കെയായാലും അദ്ദേഹം ഒരു ക്രിട്ടിക് അല്ല എന്നെനിക്കുറപ്പാണ്. ഇതേ ആൾക്കയച്ച മറ്റൊരു കത്തിൽ "മഹാരാജാസിൽ ഞാനൊരു കൊച്ചു ലോകമുണ്ടാക്കി, അവിടെ ഞാൻ ഒരു പാട് സ്നേഹിക്കപ്പെട്ടു. മനസ്സിലാക്കപ്പെട്ടില്ലെങ്കിലും" എന്ന് എഴുതുന്നുണ്ട്. ക്ലാസ്സുകളിലും പുറത്തും അക്കാലത്ത് കാട്ടിയ കുറുമ്പുകളും കുസൃതികളും വിവരിക്കുന്ന ആ കത്ത് അവസാനിക്കുന്നത് "ആ അഷിതയെ കഥകളിലൊന്നും കാണുകയില്ല കേട്ടോ" എന്നു പറഞ്ഞു കൊണ്ടാണ്.

വളരെ കുറച്ച് സുഹൃത്തുക്കൾ മാത്രമുണ്ടായിരുന്നയാളാണ് അഷിത. അതിൽത്തന്നെ എഴുത്തുകാർ വളരെ കുറവ്. മാധവിക്കുട്ടി, ബാലചന്ദ്രൻ ചുള്ളിക്കാട്, ഗ്രേസി, പ്രിയ. എ. എസ്. തുടങ്ങിയവരോടുള്ള അടുപ്പം കത്തുകളിൽ പലയിടത്തും വ്യക്തമാവുന്നു. ടി. പാർവ്വതിയ്ക്കയച്ച ഒരു കത്തിൽ എഴുതുന്നു: "എഴുത്തിന്റെ ലോകത്ത് എതിർ ദിശയിൽ നടന്നവരാണ് ഞാനും മാധവിക്കുട്ടിയും. മാധവിക്കുട്ടി സ്നേഹത്തിന്റെ പുറകേ അലഞ്ഞു. ഞാൻ സത്യത്തിന്റെയും." അതേ കത്തിൽ മറ്റൊരിടത്ത്: "മാധവിക്കുട്ടിയാണ് എന്നെ മൂക്കുത്തി ഇടുവിച്ചത്. പിന്നാലെ നടന്നു നടന്ന് പറഞ്ഞു പറഞ്ഞ് - ഇത് അവരുടെ അടയാളമാണ്, സമ്മാനമാണ്" എന്ന് തുടരുന്നു. "ടീച്ചർക്ക് ഇപ്പോ ബോധ്യമായില്ലേ, മാധവിക്കുട്ടിക്ക് എന്നെക്കാൾ കിറുക്കുണ്ട്. അതാണ് അവർ എന്നെക്കാൾ നന്നായെഴുതുന്നത് എന്ന്?" എന്നും മറ്റൊരു കത്തിലെഴുതുന്നു (ആർട്സ് കോളേജ് റിട്ട. പ്രിൻസിപ്പാൾ ശാന്തകുമാരി ടീച്ചർക്കെഴുതിയത്).

എഴുത്തുകാരിയായ ഷാഹിന. ഇ.കെ.യ്ക്ക് എഴുതിയ കത്തിലെ "ബാലചന്ദ്രൻ ചുള്ളിക്കാട് ഈയിടെ വിളിച്ചു. ബാലന് രണ്ടു വലിയ ഹാർട്ട് അറ്റാക്കുകൾ കഴിഞ്ഞു. ഇനിയൊന്നിനു മുമ്പായി യാത്ര പറയാൻ വിളിച്ചതാണ്. ഫോണിൽ ഞങ്ങൾ ഏറെ നേരം നിശ്ശബ്ദരായി. പത്തു പതിനെട്ട് വയസ്സു മുതൽ കാണുന്നതാണ് ബാലനെ", എന്ന വരികളിൽ കവി ബാലചന്ദ്രൻ ചുള്ളിക്കാടുമായുള്ള അടുപ്പം വ്യക്തമാവുന്നു. കഥാകൃത്ത് ഗ്രേസിയുടെ മകൾ അപർണയ്ക്കെഴുതിയ കത്തിൽ എഴുത്തുകാരി പ്രിയ എ. എസ്. നെക്കുറിച്ച് എഴുതുന്നു: " അവൾ എന്റെ കുട്ടിയല്ലേ. നിർഭയം, നിർലജ്ജം, എന്നെ സ്നേഹിക്കുന്നുവെന്ന് ഉറക്കെ വിളിച്ചു പറയുന്ന ലോകത്തിലെ

ഒരേയൊരാൾ!"

കാൻസർ രോഗം ബാധിച്ച കാലത്തെയും അതിന്റെ വേദനാകരമായ ചികിത്സയെയും കുറിച്ച് അഷിത ചില കത്തുകളിൽ നിസംഗമായി എഴുതുന്നുണ്ട്. വെങ്കിക്ക് എഴുതുന്ന ഒരു കത്തിൽ, "മരണമൂകതയാണ് കാൻസർ വാർഡിൽ. യുദ്ധം നയിക്കുന്ന കേണലിനെപ്പോലെയാണ് ഞാൻ കയറിച്ചെല്ലുക. പുറത്ത് ഭർത്താവും മകളും. അകത്തേക്ക് മാർച്ച് ചെയ്ത് കയറുമ്പോൾ ഞാനവരുടെ മുഖം നോക്കുകയില്ല. എന്റെ ധൈര്യമായിരുന്നല്ലോ അവരുടെ ധൈര്യം. അന്വേഷിക്കാൻ സുഹൃത്തുക്കളോ സഹോദരങ്ങളോ ഇല്ലാത്ത കാലം. മരിക്കാറായോ എന്ന് വളരെ സമർത്ഥമായി അന്വേഷിച്ച പബ്ലിഷർ. ഇവരെയൊക്കെ സ്മരിച്ചാണ് യുദ്ധമുഖത്തേക്കുള്ള പുറപ്പാട്", എന്ന് ആ കാലത്തിന്റെ ദയയില്ലായ്മയെ അവർ എഴുതുന്നു. ചികിത്സയുടെ ഭാഗമായി ഒരു കയ്യിൽ മാരകവിഷം (മരുന്ന്) കയറ്റുമ്പോൾ മറുകൈ കൊണ്ട് മൊബൈലിൽ ഹൈക്കു കവിതകൾ ടൈപ്പ് ചെയ്തിരുന്നു എന്ന് ഓർമ്മിക്കുന്ന ആ കത്തിൽ മറ്റൊരിടത്ത് എഴുതുന്നു: "ആരുമില്ലാത്തപ്പോൾ എന്റെ കണ്ണു നനഞ്ഞിട്ടുണ്ട്. സത്യമാണത്. പക്ഷേ അതു മറ്റുള്ളവരെ നനയിച്ചിട്ടില്ല. എന്റെ യാതന കണ്ടു മകൾ മുകളിൽ പോയി കരഞ്ഞിട്ടു വരുമായിരുന്നു."

അഷിതയുടെ ആത്മഭാവത്തിൽ ഈശ്വരോന്മുഖത അലിഞ്ഞുചേർന്നിരിക്കുന്നു. ആരാധിക്കാനല്ല, അടുത്തിരുത്താനുള്ള, അണച്ചുപിടിക്കാനുള്ള പ്രണയികൂടിയാണ് ദൈവം അഷിതക്ക്. ഗുരു നിത്യചൈതന്യയതിയോടുള്ള അളക്കാനാവാത്ത ആത്മൈക്യം അഷിതക്ക് ദൈവത്തെയും ജീവിതത്തെയും കുറിച്ച് നല്കിയ ഉൾക്കാഴ്ചകൾ കത്തുകളിലുടനീളം കടന്നുവരുന്നുണ്ട്. ഈ ഉൾക്കാഴ്ചകളും ആത്മഭാവവും അവർ പങ്കുവയ്ക്കുന്നത് മനസ്സിനോട് ഏറ്റവും അടുപ്പമുള്ളവർക്ക് എഴുതുമ്പോഴാണ്. കഥാകൃത്ത് ഗ്രേസി അങ്ങനെ ഒരു സുഹൃത്തായിരുന്നു എന്നതിന് അവർക്കയച്ച ചില കത്തുകൾ തെളിവാണ്. ഒരു കത്തിൽ അഷിത എഴുതുന്നു: "ഇത്രയും നാൾ എവിടെയായിരുന്നു, ഗ്രേസി? എനിക്കു കത്തു വന്നിട്ട് രണ്ടു വർഷമായി. മറുപടി വന്നില്ലെങ്കിൽ ഇങ്ങനെ കാത്തിരിക്കരുത്. എപ്പോഴും പിടിച്ചു കുലുക്കി ഉണർത്തി മറുപടി മേടിക്കണം. ഞാൻ ഈശ്വരനോടും അങ്ങനെയാണ്." മറ്റൊരു കത്തിൽ: "നമ്മൾ തമ്മിൽ വ്യത്യാസം ഒട്ടുമില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ എവിടെ അവസാനിക്കുന്നു, ഗ്രേസി എവിടെ തുടങ്ങുന്നുവെന്ന് എനിക്കറിഞ്ഞുകൂടാ", എന്ന് ഇരുവരിലെയും ഒരുമ കുറിക്കുന്നു. ഇനിയൊരു കത്തിൽ തന്റെ ഈശ്വരനെ : "ജീവിതത്തിന്റെ തിരക്കിൽ ശ്രദ്ധിച്ചാൽ ഈശ്വരന്റെ അടക്കിയ ചിരി കേൾക്കാം. വളരെ ചെറുപ്പത്തിലേ ഈശ്വരനുമായി പ്രേമത്തിലായ ഒരാളാണ് ഞാൻ. അതുകൊണ്ട് എത്ര ഒതുക്കിയാലും അതു തുളുമ്പിത്തുവിപ്പോകും. " ഈശ്വരൻ എന്ന ഉണ്മയിൽ ചേർന്നലിഞ്ഞ് ഇല്ലാതാകുന്നതാണ് പ്രാർത്ഥനയും ജീവിതവും എന്ന സ്വന്തം വിശ്വാസത്തെ അവർ ചില കത്തുകളിലെഴുതി. പാർവ്വതിയ്ക്കെഴുതിയ പല കത്തുകളിലും പൂർണമായും ഇത്തരം കാര്യങ്ങളാണ്. ഒരു കത്തിൽ അവർ എഴുതുന്നു: "ഒറ്റയ്ക്കിരിക്കുമ്പോൾ എതിരേ ദൈവം വന്നിരിക്കും. അഗാധമായ മൗനത്തിൽ ഞങ്ങൾ കൈകോർക്കും. നഷ്ടമായതെല്ലാം എന്നിൽ വീണ്ടും പൂക്കും." സന്യാസം എന്നത് വീടോ മറ്റ് സ്വത്തുക്കളോ ഉപേക്ഷിക്കലല്ല. ഞാൻ എന്ന ബോധം ഉപേക്ഷിക്കലാണ്. ഇതേ കാര്യം കൃഷ്ണമൂർത്തിയെയും റേയെയും ഉദ്ധരിച്ചു കൊണ്ട് ജയരാജ് എന്ന എഞ്ചിനിയറിങ് വിദ്യാർത്ഥിക്കെഴുതുന്നുണ്ട്. മറ്റൊരു കത്തിൽ ഷാഹിന ഇ.കെ.ക്ക് എഴുതുന്നു: "ഈ ലോകത്തിൽ ഒറ്റയ്ക്കാവുക എന്നൊന്നില്ല, ഒന്നായിത്തീരൽ മാത്രമേയുള്ളൂ. അത്


ISSN: 2582 - 2594

ഈശ്വരൻ പറഞ്ഞുതന്ന സ്വകാര്യമാണ്. ഇന്ന് ഒരു കുഞ്ഞിമേഘം കൂട്ടുണ്ടായിരുന്നു. മേഘത്തിലെഴുതി ചന്ദ്രന് ഞാനൊരു ഇ-മെയിൽ അയച്ചു. ashis56.pk@gmail.com."

ഒന്നുകൊണ്ടും മറ്റുള്ളവർക്ക് ശല്യമാവാതെ ജീവിച്ച് പോവുക എന്നും കഴിയുമെങ്കിൽ ഒരു തണലായി മാറുക എന്നും ഷാഹിനയ്ക്കെഴുതിയ ഒരു കത്തിൽ തെളിമയോടെ എഴുതുന്നു.

"ആകാശത്ത് പക്ഷി പറന്നുപോകുന്നതുപോലെ അടയാളങ്ങൾ ബാക്കിയാകാതെ വേണം ജീവിച്ചു കടന്നുപോകാൻ.

. . . . . . . . . . . .          . . . . . . . . . . . .

തൊടിയിൽ എന്തൊക്കെയുണ്ട് ? എനിക്ക് പൂച്ചെടികളെക്കാളിഷ്ടം വന്മരങ്ങളാണ്.

നല്ല തണൽ വേണം, വെയിലത്തു വരുന്നവർക്ക്.

പൂച്ചെടിയാകാതെ വന്മരമായി വളരൂ."

മഹാരാജാസ് കോളേജിൽ ഇംഗ്ലീഷ് പഠിപ്പിച്ച സുജാത ടീച്ചർക്കെഴുതുന്ന കത്തുകളിൽ സ്നേഹം കൊതിക്കുന്ന ഒരു കുഞ്ഞായി മാറുകയാണ് അഷിത. ഒരിടത്ത് എഴുതി: " ഞാനവിടെ ഉണ്ടായിരുന്നെങ്കിൽ എന്നെ ചേർത്തുപിടിച്ച് നെറുകയിലൊരുമ്മ തന്നേനെ, ഇല്ലേ, പറയൂ. " "ഒട്ടുമിക്കപ്പോഴും ജീവിതത്തിന്റെ മുമ്പിൽ ഒരു കാമുകിയുടെ വികാരവായ്പോടെ പെരുമാറുന്ന ഞാൻ I tease life as I tease you. എന്റെ പാവം ടീച്ചർ" എന്നും "എനിക്കു പരാതി പറയാൻ അമ്മയില്ലാത്തതുകൊണ്ട് എന്നെ ചീത്ത പറയരുത്. അനുഗ്രഹിക്കു. ഒരു important ആൾ ജീവിതത്തിൽ നിന്നു പോയപ്പോൾ ഒരാൾ കടന്നുവരികയാണ്" എന്നും അവർ ടീച്ചർക്കെഴുതുന്നുണ്ട്.

**കത്ത് – ഒരു വാങ്മയം:**

അഷിതയുടെ കത്തുകൾ ചിലപ്പോൾ അപൂർവ്വ സുന്ദരങ്ങളായ വാങ്മയങ്ങളായി മാറാറുണ്ട്. വാക്കുകളുടെ സംവിധാനഭംഗി കത്തുകളെ ചിലപ്പോൾ കവിതകളാക്കുന്നു. കാറ്റും മഴയും വെയിലും വസന്തവും ഹേമന്തവുമെല്ലാം അവിടെ സുന്ദരദൃശ്യങ്ങളാവുന്നു. പാർവതിയ്ക്കുള്ള ഒരു കത്തിൽ കാറ്റിനെക്കുറിച്ച് എഴുതുന്നു:

"ഒരു കാറ്റ് വീശീ നിന്റെ അമ്മേ വിളി പോലെ എന്തോ ഒന്നെന്നെ തൊട്ടു കടന്നുപോയി. ഒരു പൂവിനെ ഇറുത്തു നിലത്തിട്ട് അതിന്റെ ജന്മം തുലച്ച്, ആ കാറ്റ് അടുത്ത വീട്ടിലെ മാവു പിടിച്ച് കുലുക്കി ഒരില വീഴ്ത്തി, അവിടെത്തന്നെ തെങ്ങും ചാരി നില്പുണ്ട്."

സുജാത ടീച്ചർക്കയച്ച ഒരു കത്ത് അവസാനിപ്പിക്കുന്നതിങ്ങനെയാണ്: "ക്രിസ്മസ് ആണ്. മെഴുകുതിരികളില്ലാത്തതു കൊണ്ട് വാക്കുകൾ കൊളുത്തുകയാണ്. " പെരുമഴ പെയ്ത ഒരു ദിവസത്തെ ഷാഹിന ഇ.കെ.ക്ക് എഴുതിയ കത്തിൽ വരച്ചിടുന്നു:

"ഇന്ന് ആകാശവും ചോരുന്ന ദിവസം. ഞാൻ മഴയിലൂടെ നനഞ്ഞുവന്നു. വഴിയിൽ പൂക്കളും മരങ്ങളും നനഞ്ഞു കുതിർന്ന് പരിഭ്രമിക്കുന്നതു കണ്ടു. മഴ നനഞ്ഞ് പരിഭ്രമിച്ച് കാറ്റ് എന്നെ തള്ളി മാറ്റി ഓടിപ്പോയി."

**ഉപസംഹാരം:**

നവമാധ്യമങ്ങളുടെ പ്രചാരത്തിന് മുമ്പ് കത്തുകൾക്ക് നമ്മുടെ ജീവിതത്തിൽ വലിയ പ്രാധാന്യമുണ്ടായിരുന്നു. ഒരു വ്യക്തി മറ്റൊരാൾക്കു വേണ്ടി മാത്രം നടത്തുന്ന രചനകളാണ് കത്തുകൾ.

എഴുതുന്നയാളും വായിക്കുന്നയാളും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവമനുസരിച്ചായിരിക്കും കത്തിന്റെ ഉള്ളടക്കത്തിന്റെയും വൈവിധ്യങ്ങൾ. പുതിയതായോ വ്യത്യസ്തമായോ എന്തെങ്കിലും എഴുതാനുള്ളപ്പോൾ മാത്രമേ അഷിത കത്തുകളെഴുതിയിരുന്നുള്ളൂ എന്ന് അവരുടെ ഓരോ കത്തുകളും തെളിയിക്കുന്നു. ചിലർക്ക് ഉപദേശമായി, ചിലർക്ക് സാന്ത്വനമായി, ചിലരിൽ സാന്ത്വനം തേടി, ചിലർക്ക് വിജ്ഞാനദായകമായി അങ്ങനെ പലതുമായി ആ കത്തുകൾ മാറുന്നു. കവിയും കഥാകാരിയുമായ ഒരാളുടെ സൗന്ദര്യദൃഷ്ടിയും സംവിധാനമികവും അഷിതയുടെ കത്തുകളിലുണ്ട്. അതിന് പുറമെയാണ് എഴുത്തുകാരിയുടെ വ്യക്തിത്വത്തെ കുറിച്ച് ഈ കത്തുകൾ നല്കുന്ന വിവരങ്ങൾ. ആ നിലയ്ക്ക് ഒരു മികച്ച സാഹിത്യ വായനയുടെ അനുഭവമാണ് ഈ കത്തുകൾ നല്കുന്നത്.

## ഗ്രന്ഥസൂചി

1 അഷിത, (2017), അഷിതയുടെ കത്തുകൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്.

2 അഷിത, (2019), അഷിതയുടെ കഥകൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്.

3 അഷിത, (1987), വിസ്മയചിഹ്നങ്ങൾ, കോഴിക്കോട്: പി.കെ. ബ്രദേഴ്സ്.

4 ഗോപാലകൃഷ്ണൻ. എസ്. ഡോ., (2013), ഗാന്ധി ഒരു അർത്ഥനഗ്നവായന, കോട്ടയം: ഡി. സി. ബുക്സ്.

5 ഗുപ്തൻനായർ എസ്. പ്രൊഫ.,(2008), അസ്ഥിയുടെ പൂക്കൾ, കോട്ടയം: ഡി. സി. ബുക്സ്.

6 ജയലക്ഷ്മി പി. (വിവ),(2012), ദസ്തയേവ്സ്കി - ജീവിതം, ദർശനം, കത്തുകൾ, കോഴിക്കോട്: ഒലിവ്

7 താഹ മുത്താന (സമ്പാ ), (2007), വക്കം അബ്ദുൾഖാദറിന് ജി.യുടെ കത്തുകൾ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

8 സതീഷ് എൻ. പി. , (2015), സിൽവിയാ പ്ലാത്ത് - ജീവിതം, ഡയറി, കത്തുകൾ, കോഴിക്കോട്: ഒലിവ്.

9 സന്തോഷ്കുമാർ ഇ. (വിവ),(2004), യുവകവിക്കുള്ള കത്തുകൾ - റെയ്നർ മരിയ റിൽക്കേ, കോഴിക്കോട്: പാപ്പിയോൺ,


ISSN: 2582 - 2594